ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ സ്ഥാപിക്കാൻ നടപടി

20 [1578] ശ്രീ. എ. വി. ഗോപിനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ കേന്ദ്രമാക്കി റവന്യൂ ടവർ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത റവന്യൂ ടവറിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ മേലാർകോട് പഞ്ചായത്തിൽ നിലവിലുള്ള വില്ലേജ് ഓഫീസ് വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ നിലവിലുള്ള വില്ലേജ് ഓഫീസ് വിഭജിച്ച് പുതിയ വില്ലേജ് ഓഫീസുകൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആലത്തൂരിൽ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി ആൻറ് ഡി) ഇപ്പോൾ നിർദ്ദേശമൊന്നും നിലവിലില്ല. എന്നാൽ സംസ്ഥാനത്തെ വില്ലേജുകൾ, താലൂക്കുകൾ, റവന്യൂ ഡിവിഷനുകൾ എന്നിവയുടെ പുനർനിർണ്ണയത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് റവന്യൂ ബോർഡ് അംഗം ശ്രീ. എം. ജി. കെ. മൂർത്തിയെ കമ്മീഷനായി നിയോഗിച്ചിരിക്കുകയാണ്. കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചശേഷം ഉചിതമായ നടപടി കൈക്കൊള്ളുന്നതാണ്.

ഇരിങ്ങാലക്കുടയിൽ റവന്യൂ ടവർ സ്ഥാപിക്കാൻ നടപടി

21 [1579] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുടയിൽ ഒരു റവന്യൂ ടവർ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മുകുന്ദപുരം താലൂക്കിന്റെ ആസ്ഥാനം ഇരിങ്ങാലക്കുട ആയതിനാൽ ഇരിങ്ങാലക്കുടയിലും റവന്യൂ ടവർ നിർമ്മിക്കുവാൻ പദ്ധതിയുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly